**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 224** **13-10-2021 - ൽ മറുപടിയ്ക്ക്**

**പിന്നാക്ക വിഭാഗങ്ങളുടെ ക്ഷേമത്തിനായി പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ . മഞ്ഞളാംകുഴി അലി , ശ്രീ. കെ. പി. എ. മജീദ്, പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ , ശ്രീ. അബ്ദുൽ ഹമീദ് പി** | | **Shri K. Radhakrishnan (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി )** | |
| (എ) | സംസ്ഥാനത്ത് പിന്നാക്ക വിഭാഗങ്ങളുടെ ക്ഷേമത്തിനായി നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ; | (എ) | പിന്നാക്ക വിഭാഗങ്ങളുടെ ക്ഷേമത്തിനായി നടപ്പാക്കുന്നതിന് സാധ്യത പരിശോധിക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു. 1. ജില്ലാ തലത്തിൽ മത്സര പരീക്ഷാ പരിശീലന കേന്ദ്രങ്ങൾ. 2. പ്രധാനപ്പെട്ട സർവ്വകലാശാലകളോടനുബന്ധിച്ച് പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾ. 3. മേഖലാ തലത്തിൽ അഡ്വാൻസ്ഡ് സ്കിൽ ട്രെയിനിംഗ് സെന്ററുകൾ. 4. ഒ.ബി.സി. വിഭാഗങ്ങൾക്ക് സി.പി.എൽ (കൊമേഴ്സ്യൽ പൈലറ്റ് ലൈസൻസ്) അടക്കമുള്ള കൂടുതൽ തൊഴിൽ സാധ്യതയുള്ള കോഴ്സുകളിൽ ഉയർന്ന നിരക്കിലുള്ള പ്രത്യേക സ്കോളർഷിപ്പ്. 5. പരമ്പരാഗത നെയ്ത്ത് സമൂഹങ്ങൾക്ക് ആധുനികവൽക്കരിച്ച നെയ്ത്ത് കേന്ദ്രങ്ങൾ. 6. ശ്രീനാരായണ ഗുരുവിന്റെ പേരിൽ വിജ്ഞാന കേന്ദ്രങ്ങൾ - സാമൂഹ്യ സംഘടനകൾക്ക് ഗ്രന്ഥശാലകളും ഇന്റർനെറ്റ് സൗകര്യത്തോടെയുള്ള വിജ്ഞാന കേന്ദ്രങ്ങളും ആരംഭിക്കുന്നതിനുള്ള ഗ്രാന്റ്. 7. ഏക വരുമാനദായകനായ രക്ഷിതാവ് മരണപ്പെട്ട കുടുംബങ്ങളിലെ വിദ്യാർത്ഥികളുടെ പഠനത്തിനായി സ്മാർട്ട് ഫോൺ, ലാപ്ടോപ് തുടങ്ങിയ ഡിജിറ്റൽ ഉപകരണങ്ങൾ അനുവദിക്കുന്ന പദ്ധതി. 8. ചെറുകിട കച്ചവടക്കാർക്ക് ഷോപ്പ് നവീകരിക്കുന്നതിന് 1 ലക്ഷം രൂപ വരെ ഗ്രാന്റ്. 9. തെരുവ് കച്ചവടക്കാരുടെ പുനരധിവാസ പദ്ധതി. 10. ഓൺലൈൻ / മൊബൈൽ സപ്പോർട്ട് ഫോർ ഒ.ബി.സി. സ്റ്റുഡൻസ്. 11. ഫിനിഷിംഗ് സ്കൂൾസ്- എഞ്ചിനീയറിംഗ് മറ്റ് സാങ്കേതിക കോഴ്സുകൾ കഴിഞ്ഞവർക്ക് പരമാവധി 5 മാസം വരെ പരിശീലനം, ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുന്നതിനുള്ള ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള പരിശീലനം. 12. ബി.പി.എൽ കുടുംബങ്ങളിൽപ്പെട്ട യുവതികൾക്ക് വിവാഹ ധനസഹായം. 13. |

| | | | |
|---|---|---|---|
| | | | നിർദ്ധനരായ പിന്നാക്ക വിഭാഗങ്ങൾക്ക് ചികിത്സാ ധനസഹായം. 14. ബാങ്ക് ലിങ്ക്ഡ് സ്വയംതൊഴിൽ വായ്പാ സബ്സിഡി. 15. സ്വാശ്രയ മെഡിക്കൽ / മെഡിക്കൽ അനുബന്ധ കോഴ്സുകളിൽ പഠിക്കുന്ന മാതാപിതാക്കൾ നഷ്ടപ്പെട്ടവരോ മാതാവോ പിതാവോ നഷ്ടപ്പെട്ടവരുടെ പെൺകുട്ടികൾക്ക് നവോത്ഥാന സ്കോളർഷിപ്പ്. 16. പിന്നാക്ക വിഭാഗങ്ങളുടെ തൊഴിൽശേഷി വർദ്ധിപ്പിക്കുന്നതിനാവശ്യമായ കാലികമായ വെല്ലുവിളികൾ നേരിടാൻ പ്രാപ്തിയുള്ള വിജ്ഞാന സമൂഹമായി രൂപപ്പെടുത്തുന്നതിന് സ്വതന്ത്ര വൈജ്ഞാനിക സോഫ്റ്റ് വെയർ തയ്യാറാക്കി കുറഞ്ഞ ചെലവിൽ ലഭ്യമാക്കൽ. |
| (ബി) | പ്രസ്തുത വകുപ്പിന്റെ റീജിയണൽ ഓഫീസുകൾ എവിടെയെല്ലാമാണ് പ്രവർത്തിക്കുന്നത്; വെളിപ്പെടുത്തുമോ; | (ബി) | കൊല്ലം, എറണാകുളം, കോഴിക്കോട്, പാലക്കാട് എന്നീ ജില്ലകളിലാണ് പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ മേഖലാ ഓഫീസുകൾ പ്രവർത്തിക്കുന്നത്. |
| (സി) | കൂടുതൽ വികസന പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനും എല്ലാ ജില്ലകളിലും ഓഫീസിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | ഇത് സംബന്ധിച്ച ശുപാർശ സർക്കാർ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ